OFFICIAL REPORT OF THE LEGISLATIVE SESSION 1121

Monday, *the* $\frac{\textit{26th November 1945}}{\textit{11th Vrischigam 1121}}$

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble President (Sir George Boag, K.C.I.E., C.S.I.) in the Chair.

All the members excepting Mrs. Dhakshayani Velayudhan and Messrs. K. T. Achuthan, T. K. Nayar and Thattil Kochuvareed, were present.

SWEARING IN OF NEW MEMBER

Rama Varmha Tampuran, M.B.E., (Secretary to Government) was sworn in.

QUESTIONS AND ANSWERS

SALARY OF AYURVEDIC PHYSICIANS IN THE AYURVEDIC DISPENSARY

൧. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിലെ വൈദ്യന്റെ പ്രതിമാസശമ്പളം എന്താണു്; എല്ലാവരും ഒരേഗ്രേഡിൽ പെട്ടവർതന്നെയൊ;

(ബി) ആയുർവ്വേദ ഡിസ്പെൻസറിയിലേയും മുഗാശുപത്രിയിലേയും ജോലിസമയത്തിന്നു വ്യത്യാസമുണ്ടോ;

(സി) ഒരു ആയുർവ്വേദ വൈദ്യന്നു ആവശ്യമായ പരീക്ഷായോഗ്യത സമ്പാദിക്കാൻ ചുരുങ്ങിയതു എത്രകൊല്ലം പഠിക്കണം;

(ഡി) മുഗാശുപത്രിയിലെ ഒരു കമ്പൌണ്ടർക്കു് Compounding course എത്ര കൊല്ലത്തേതാണു്; ഈ കമ്പൌണ്ടർമാരുടെ ശമ്പളത്തോതെന്തു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ൨൦ക; എല്ലാ വൈദ്യന്മാർക്കും ഒരേ ഗ്രേഡു് തന്നെയാണു്.

(ബി) ആയുർവ്വേദ വൈദ്യശാലയിലെ ജോലി സമയം കാലത്തു് ൬ മണി മുതൽ ൧൧ മണിവരേയും ഉച്ചതിരിഞ്ഞു ൩ മണി മുതൽ ൫ മണിവരേയും മുഗാശുപത്രിയിലെ ജോലി സമയം രാവിലെ ൬ മണി മുതൽ ൧൧ മണിവരേയും, ഉച്ചതിരിഞ്ഞു ൪ മണി മുതൽ ൫ മണിവരേയും ആകുന്നു.

(സി) അഞ്ചുകൊല്ലം.

(ഡി) ൧ കൊല്ലം; ക. ൧൩— ൧— ൨൪— ൧½— ൪ ൦.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മനുഷ്യരെ treat ചെയ്യുന്ന വൈദ്യന്മാരേക്കാൾ കൂടുതൽ ശമ്പളം മുഗാശുപത്രിയിലെ കമ്പൌണ്ടർമാർക്കു് കൊടുക്കുന്നതു് അവർ കൂടുതൽ പണയെടുക്കുന്നതുകൊണ്ടാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആയുർവ്വേദാശുപത്രിയിലെ ജോലിക്കാരേക്കാൾ ഇവർക്കു് ക്വാളിഫിക്കേഷൻ അധികമുള്ളതുകൊണ്ടാണു് അധികം ശമ്പളം കൊടുക്കുന്നതു്.

LABORATORY FOR TESTING AYURVEDIC MEDICINES

൨. മിസ്റ്റർ എം. കെ വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവായി മറുപടി പറയുമൊ.—

(എ) ഗവൺമെണ്ടുവകയും അല്ലാത്തവയുമായ ആയുർവ്വേദ ഔഷധശാലകളിൽ വില്പനക്കുള്ള മരുന്നുകൾ ശരിയായി ഉണ്ടാക്കപ്പെട്ടവയാണോ എന്നു പരീക്ഷിച്ചറിയുന്നതിന്നു വല്ല പരീക്ഷണശാലയും (Laboratory) ഗവൺമെണ്ടുവകയായി ഉണ്ടോ?

(ബി) ഗവൺമെണ്ടുവകയായി ഇല്ലെങ്കിൽ ഇന്ത്യയിൽ എവിടെയെങ്കിലും ഉള്ളതായി ഗവൺമെണ്ടിന്നു അറിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly